ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളിലൂടെയും പട്ടികവർഗ്ഗ സ്ത്രീകൾക്ക് പരിശീലനം നൽകുന്നുണ്ട്.

വിദ്യാലയങ്ങൾക്ക് എൻ. ഒ. സി. നൽകൽ

21 [243] ഡോ. തോമസ് ഐസക്:
ശ്രീ. പിരപ്പൻകോട് മുരളി:
,, മത്തായി ചാക്കോ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൗൺസിൽ ഫോർ സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ, കൗൺസിൽ ഫോർ ഐ. എസ്. സി. എക്സാമിനേഷൻ എന്നിവയിൽ അഫിലിയേറ്റ് ചെയ്യുന്നതിന് വിദ്യാലയങ്ങൾക്ക് എൻ.ഒ.സി. നൽകുന്ന കാര്യത്തിൽ എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്കൂളുകൾക്ക് അഫിലിയേഷനുവേണ്ടിയുള്ള എൻ.ഒ.സി. നൽകുമ്പോൾ ഈ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ;

(സി) 2001-ന് ശേഷം എത്ര സ്കൂളുകൾക്ക് അഫിലിയേഷനുള്ള എൻ.ഒ.സി. നൽകിയിട്ടുണ്ട്; ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര സ്കൂളുകൾക്ക് എൻ.ഒ.സി. നൽകിയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. സെൻട്രൽ ബോർഡിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 12-1-1988-ലെ ജി. ഒ. (എം എസ്.) 18/88/പൊ. വി. ഉത്തരവിൽ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഉണ്ട്.

(സി) 2001 മുതൽ ആകെ 361 സ്കൂളുകൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 108 സ്കൂളുകൾക്ക് അഫിലിയേഷനായി എൻ.ഒ.സി. നൽകിയിട്ടുണ്ട്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ എണ്ണം

22 [1424] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പ്രീമെട്രിക് ഹോസ്റ്റലുകളും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമാണുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഹോസ്റ്റലുകളിൽ എല്ലാം കൂടി ആകെ എത്ര ആൺകുട്ടികൾക്കും എത്ര പെൺകുട്ടികൾക്കും പ്രവേശനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ പെൺകുട്ടികൾക്ക് മാത്രമായുള്ള ഹോസ്റ്റലുകൾ എതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ ജില്ലയിലും പെൺകുട്ടികൾക്കുള്ള ഒരു ഹോസ്റ്റലെങ്കിലും സ്ഥാപിക്കുവാനും ഏറ്റവും കൂടുതൽ കുട്ടികൾ വിദ്യാഭ്യാസാവശ്യത്തിനായി എത്തുന്ന കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ നിലവിലുള്ളതു കൂടാതെ പെൺകുട്ടികൾക്കായി ഓരോ ഹോസ്റ്റലുകൾകൂടി ഈ അദ്ധ്യയന വർഷംതന്നെ ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ;

(ഇ) സ്ഥല ദൗർലഭ്യം കാരണം ഹോസ്റ്റലുകളിൽ പ്രവേശനം ലഭിക്കാതെ വരുന്ന കുട്ടികൾക്ക് സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നതിനും ഭക്ഷണ ചെലവിനും തുക അനുവദിച്ചു നൽകാൻ ഒരു പദ്ധതി നടപ്പിലാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 199 പ്രീമെട്രിക് ഹോസ്റ്റലുകളും 16 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. †

(ബി) ഈ ഹോസ്റ്റലുകളിൽ 5220 ആൺകുട്ടികൾക്കും 3465 പെൺകുട്ടികൾക്കും പ്രവേശനം നൽകാൻ കഴിയും.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളുടെ വിവരം അനുബന്ധം II † ആയും പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളുടെ വിവരം അനുബന്ധം III ആയും ചേർത്തിട്ടുണ്ട്. †

(ഡി) കാസർഗോഡ് ജില്ല ഒഴികെയുള്ള എല്ലാ ജില്ലകളിലും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പെൺകുട്ടികൾക്കായി ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ പെൺകുട്ടികൾക്കായി ഒരു ഹോസ്റ്റൽ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. കൂടാതെ പെൺകുട്ടികൾക്കായി പാലക്കാട് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പെൺകുട്ടികൾക്കായി തിരുവനന്തപുരത്തും (അഡീഷണൽ ബ്ലോക്ക്) എറണാകുളത്തും ഓരോ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ കൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പത്തനംതിട്ട ജില്ലയിലെ അടൂരിൽ പെൺകുട്ടികൾക്കായി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഇ) സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിഭാഗക്കാർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹത ഉള്ള വിദ്യാർത്ഥികൾക്ക് സർക്കാർ വകയോ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനം വകയോ ആയുള്ള ഹോസ്റ്റലുകളിൽ സ്ഥല ദൗർലഭ്യം കാരണം പ്രവേശനം ലഭിക്കാതെ സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കേണ്ടിവന്നാൽ അവർക്ക് ഭക്ഷണ ചെലവിനും മറ്റുമായി പ്രതിമാസം 1000 (ആയിരം രൂപ) വീതം സ്റ്റൈപ്പൻറ് നൽകി വരുന്നുണ്ട്. കൂടാതെ സന്നദ്ധ സംഘടനകൾ നടത്തുന്ന അംഗീകൃത സബ്സിഡൈസ്ഡ് ഹോസ്റ്റലുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ ബോർഡിംഗ് ഗ്രാൻറ് നടപ്പു സാമ്പത്തിക വർഷം മുതൽ 250 രൂപയിൽ നിന്നും 500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗ ക്ഷേമ പ്രവർത്തനങ്ങൾ

23 [1437] ശ്രീ. ഇ. എം. അഗസ്തി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗത്തിന്റെ എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങൾ ഇടുക്കി ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇപ്പോൾ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കല്ലറ കൊച്ചുനാരായണൻ ആശാരിക്ക് മരണാനന്തര പരിഗണന

24 [1465] ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലവർഷം 1114-ൽ നടന്ന കല്ലറ പാങ്ങോട് സമരത്തിലെ നായകൻമാരിൽ പ്രമുഖനായിരുന്ന കല്ലറ കൊച്ചുനാരായണൻ ആശാരിക്ക് സ്വാതന്ത്ര്യ സമര സേനാനികൾക്ക് നൽകുന്ന മരണാനന്തര പരിഗണനകൾ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; അദ്ദേഹത്തിന്റെ സ്മരണ നിലനിർത്താനുള്ള ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ?

ഉത്തരം

കൊല്ലവർഷം 1114-ലെ കല്ലറ പാങ്ങോട് സമരത്തിലെ നായകരിൽ പ്രമുഖനായ കല്ലറ ശ്രീ. കൊച്ചുനാരായണൻ ആശാരി പ്രസ്തുത സമരത്തിൽ രക്തസാക്ഷിത്വം വഹിച്ചിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കായി കല്ലറ പഞ്ചായത്തിൽ ഒരു റോഡിന് ഇദ്ദേഹത്തിന്റെ പേര് നൽകിയിട്ടുണ്ട്. ഇദ്ദേഹം അവിവാഹിതനാണ്. ഇദ്ദേഹത്തിന്റെ മാതാവും പിതാവും ഇപ്പോൾ ജീവിച്ചിരിപ്പില്ല. ഒരു സഹോദരി ജീവിച്ചിരിപ്പുണ്ട്. സ്വാതന്ത്ര്യ സമര സേനാനികൾക്ക് അർഹമായ ഒരു സർക്കാർ ആനുകൂല്യവും

LIBRARY ARCHIVES Kerala Legislative Assembly